**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ വകുപ്പ് - 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ - ചട്ടം 76 ബി പ്രകാരം കമ്മിറ്റി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

സ.ഉ.(എം.എസ്))നം.28/2017/തസ്വഭവ തിരുവനന്തപുരം,തീയതി:01.02.2017

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: സ.ഉ.(എം.എസ്)നം.10/2014/തസ്വഭവ തീയതി 10.01.2014.

**ഉത്തരവ്**

2014 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങളിലെ അദ്ധ്യായം XA ചട്ടം 76 B-യിൽ പഞ്ചായത്തുകളിലെ വൻകിട വികസന പദ്ധതികൾക്ക് ഇതിനായി സർക്കാർ രൂപീകരിക്കുന്ന കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതി നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2) മേൽ പരാമർശിച്ചിട്ടുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

1. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് - ചെയർമാൻ
2. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് - അംഗം
3. മുഖ്യനഗരാസൂത്രകൻ, നഗരഗ്രാമാസൂത്രണ വകുപ്പ് - കൺവീനർ
4. ജില്ലാ ടൗൺ പ്ലാനർ (ബന്ധപ്പെട്ട ജില്ലയുടെ അധികാര പരിധിയുള്ള) – അംഗം
5. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി/സെക്രട്ടറിമാർ - അംഗം/ അംഗങ്ങൾ

3) 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17(4)ലെ പ്രൊവിസോ പ്രകാരം 9 വർഷത്തിൽ കൂടുതൽ കാലയളവിലേയ്ക്ക് കെട്ടിട നിർമ്മാണാനുമതി പുതുക്കേണ്ടതോ/ദീർഘിപ്പിച്ച് നൽകേണ്ടതോ ആയ കേസ്സുകളിൽ മേൽ പരാമർശിച്ചിട്ടുള്ളത് പ്രകാരം രൂപീകരിച്ച കമ്മിറ്റി മുമ്പാകെ അപേക്ഷകൻ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്.

4) 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35(1) നോട്ട് (ia) കാറ്റഗറി I പഞ്ചായത്തുകളിൽ സാമ്പത്തികമായി ദുർബല വിഭാഗങ്ങളുടെയും, താഴ്ന്ന വരുമാന വിഭാഗങ്ങളുടെയും, മദ്ധ്യവരുമാന വിഭാഗങ്ങളുടെയും താമസാവശ്യത്തിനു വേണ്ടി സർക്കാർ-അർദ്ധ സർക്കാർ ഏജൻസികൾ നിർമ്മിക്കുന്ന പാർപ്പിട കെട്ടിടങ്ങൾക്ക് പരമാവധി 5 വരെ എഫ്.എ.ആർ. നിഷ്കർഷിച്ചിട്ടുണ്ട്. ടി വിഭാഗക്കാരുടെ വരുമാനം തരം തിരിക്കുന്നതും, ഇതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളിലും സർക്കാരിന് തീരുമാനം എടുക്കുന്നതിനു വേണ്ടി വിദഗ്ദ്ധാഭിപ്രായം നൽകുന്നതിനും മുൻ ഖണ്ഡിക 2-ലെ കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(തുടർച്ച......2)

5) തുടർ നടപടികൾ കൺവീനർ സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
**റ്റി.കെ.ജോസ്**
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.
എല്ലാ ഡിസ്ട്രിക്ട് ടൗൺ പ്ലാനർമാർക്കും.
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് വകുപ്പ് ഡയറക്ടർ മുഖേന).
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും.
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി.)
തദ്ദേശസ്വയംഭരണ (ആർ.ബി), (ആർ.ഡി) വകുപ്പുകൾ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ